**21-6-22 രാവിലെ 10. 30 ന് ജലജീവൻ മിഷൻ നിർവഹണവുമായി ബന്ധപ്പെട്ട് നിർവഹണ സഹായ ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വേണ്ടി നടന്ന അവലോകന യോഗത്തിന്റെ മിനിട്സ്**

**അധ്യക്ഷൻ :** എക്സിക്യൂട്ടീവ് ഡയറക്ടർ KRWSA & മിഷൻ ഡയറക്ടർ ജലജീവൻ മിഷൻ കേരള

**പങ്കെടുത്തവർ**

1. ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറിമാർ
2. നിർവഹണ സഹായ ഏജൻസികളുടെ പ്രതിനിധികൾ
3. അക്കൗണ്ട്സ് മാനേജർ, KWA
4. KRWSA യുടെ പ്രതിനിധികൾ

അവലോകന യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ ഒപ്പിട്ടതിന്റെയും, പേയ്മെന്റ് നൽകിയതിന്റെയും നിലവിലുള്ള അവസ്ഥയും ഇക്കാര്യത്തിൽ നിർവ്വഹണ സഹായ ഏജൻസികൾക്കുള്ള അഭിപ്രായവും, ആകുലതകളും, DWSM മെമ്പർ സെക്രട്ടറിമാരുടെ അഭിപ്രായം എന്നിവ അവലോകനയോഗം ചർച്ച ചെയ്തു.

**താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.**

1. ഗ്രാമ പഞ്ചായത്തുകളിലെ നിർവഹണ സഹായ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ പേയ്മെന്റ് ലഭിക്കുന്നതിനായി ആവശ്യമായ രേഖകളുടെ ഹാർഡ് കോപ്പിയാണ് നിലവിൽ DWSM, KRWSA, KWA എന്നീ ഓഫിസുകളിൽ സമർപ്പിക്കപ്പെടുന്നത്. കേരള സംസ്ഥാനം fully digitalized governance സംസ്ഥാനം എന്ന പദവിയിലേക്ക് മാറുന്നതിന് വേണ്ടിയുള്ള പ്രവർത്തനം നടന്നുവരുന്ന സാഹചര്യത്തിൽ വളരെ അത്യാവശ്യം വരുന്ന രേഖകൾ ഒഴികെ ബാക്കി ഉള്ള രേഖകളുടെ സോഫ്റ്റ് കോപ്പി മാത്രം സ്വീകരിച്ച് പേയ്മെന്റ് നൽകുന്നതിനുള്ള നടപടികൾ DWSM, KRWSA , KWA എന്നിവർ സ്വീകരിക്കണം. ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് KRWSA -യെ ചുമതലപ്പെടുത്തി.ഇത്തരത്തിലുള്ള എല്ലാ documents-ഉം KWA JJM website-ൽ upload ചെയ്യുകയും അപ്ഡേറ്റ് ചെയ്യുകയും വേണം.
2. ത്രികക്ഷി കരാറിൽ സൂചിപ്പിച്ചിട്ടുള്ളവയിൽ ഐ.എസ്.എ ഇതുവരെ പൂർത്തീകരിച്ച ഡെലിവറബിൾസിന്റെ സപ്പോർട്ട് ഡോക്യുമെന്റ്സിന്റെ സോഫ്റ്റ് കോപ്പി KRWSA തെയ്യാറാക്കിയിട്ടുള്ള ഗൂഗിൾ ഷീറ്റിൽ ലിങ്ക് കൊടുത്തു നിർവഹണ സഹായ ഏജൻസികൾ അപ് ലോഡ് ചെയ്യണം. Krwsa ഇതുമായി ബന്ധപ്പെട്ട് ഒരു സോഫ്റ്റ്വെയർ സംവിധാനം തെയ്യാറാക്കും വരെ ഗൂഗിൾ ഷീറ്റിൽ upload ചെയ്യുകയും അതിനു ശേഷം പുതിയ സംവിധാനത്തിലേക്ക് മാറുകയും വേണം.ആയതു വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതോടെ എല്ലാ documents-ഉം എല്ലാവർക്കും കാണുന്നതിനും മനസ്സിലാക്കുന്നതിനും സാധിക്കും.
3. പൊതു ജനങ്ങൾക്ക് കാണാവുന്ന വിധം ഈ വിവരങ്ങൾ 30-06-2022 തീയതിക്കകം KRWSA യുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം. പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിന് ആയത് സഹായകരമാണ്.

വിവിധ ജില്ലകളിലെ DWSM യോഗങ്ങളുടെ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് നിർവഹണ സഹായ ഏജൻസികൾ അനുഭവിക്കുന്ന പ്രതിസന്ധി എന്താണെന്ന് മനസ്സിലാക്കി 24-06-2022 ലെ ജലജീവൻ മിഷൻ പ്രതിവാര അവലോകന യോഗത്തിൽ ടി കാര്യം ഉന്നയിക്കുന്നതിന് KRWSA യെ ചുമതലപ്പെടുത്തി.

യോഗം 12.30 പി.എം. ന് സമാപിച്ചു.

Signature valid
Digitally signed by S VENKATESAPATHY IAS
Date: 2022.06.24 14:06:43 IST
Reason: Approved

എക്സിക്യൂട്ടീവ് ഡയറക്ടർ KRWSA &
മിഷൻ ഡയറക്ടർ ജലജീവൻ മിഷൻ കേരള